VADAKKEKKAD

JUNE-2025

LITTLE KITES

# HSS THIRUVALAYANNUR News

# നിറമേകി പ്രവേശനോത്സവം




വടക്കേക്കാട് ഒന്നാം ക്ലാസ്സിലേക്ക് പ്രവേശനം നേടിയ വിദ്യാർഥികൾക്ക് അക്ഷരദീപം കൈമാറി തിരുവളയന്നൂർ ഹയർ സെക്കണ്ടറി സ്കൂൾ പ്രവേശനോത്സവം സംഘടിപ്പിച്ചു. വടക്കേക്കാട് ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് എൻ.എം.കെ നബീൽ ഉദ്ഘാടനം ചെയ്തു. വാർഡ് മെമ്പർ രുഗ്മിയ സുധീർ മുഖ്യാതിഥിയായി.പിടിഎ പ്രസിഡൻറ് ബിജു പള്ളിക്കര അധ്യക്ഷത വഹിച്ചു. പ്രിൻസിപ്പൽ ഇൻ ചാർജ് ഷീന ജോർജ്. മാനേജർ സോണി തുടങ്ങിയവർ ആശംസ നേർന്നു . പ്രധാന അധ്യാപിക ജിഷ ടീച്ചർ സ്വാഗതവും സ്റ്റാഫ് സെക്രട്ടറി മുനീർ പി നന്ദിയും പറഞ്ഞു.

## വിജയഭേരിയിൽ തിരുവളയന്നൂർ

തിരുവളയന്നൂർ ഹയർ സെക്കണ്ടറി സ്കൂളിലെ മെറിറ്റ് ഡേ വിജയോത്സവം 2025 മുഖ്യപ്രഭാഷണം നിർവഹിച്ചത് പ്രശസ്ത എഴുത്തുകാരൻ പി. സുരേന്ദ്രൻ. പഞ്ചായത്ത് പ്രസിഡൻറ് എൻ എം കെ നബീൽ ഉദ്ഘാടനം ചെയ്തു . പിടിഎ പ്രസിഡൻറ് ബിജു പള്ളിക്കര അധ്യക്ഷത വഹിച്ചു.വാർഡ് മെമ്പർ രുഗ്മിയ സുധീർ. പ്രിൻസിപ്പൽ ഇൻചാർജ് ഷീന ജോർജ്. മാനേജർ സോണി എന്നിവർ സംബന്ധിച്ചു. പ്രധാനാധ്യാപിക ജിഷ ടീച്ചർ സ്വാഗതവും സെക്രട്ടറി മുനീർ പി നന്ദിയും പറഞ്ഞു.
വിജയോത്സവത്തിൽ എസ്എസ്എൽസി . പ്ലസ് ടൂപരീക്ഷയിൽ ഉന്നതം വിജയം നേടിയ വിദ്യാർത്ഥികൾ. യു എസ്എസ് സ്കോളർഷിപ്പ്. രാജ്യപുരസ്കാർ നേടിയ വിദ്യാർത്ഥികൾക്ക് ട്രോഫികൾ സമ്മാനിച്ചു



SSLC എ പ്ലസ് വിജയികൾ

## പോഡിയം സമർപ്പണം



പ്രിയപ്പെട്ട എമിൽ ബെന്നിയുടെ ഓർമക്കായ് SSLC ബാച്ചിലെ വിദ്യാർത്ഥികൾ സമാഹരിച്ച തുക ചെലവഴിച്ച് വാങ്ങിയ പോഡിയം സ്കൂളിന് സമർപ്പിച്ചു.



ലിറ്റിൽ കൈറ്റ്സ് വിദ്യാർഥികൾക്കായുള്ള വെക്കേഷൻ ക്യാമ്പ് സംഘടിപ്പിച്ചിരുന്നു. ഈ വർഷത്തെ എട്ടാം ക്ലാസ്സ് വിദ്യാർഥികളിൽ നിന്നും പുതുതായി അംഗത്വം നേടാനുള്ള അപേക്ഷ ക്ഷണിച്ചു.




പരിസ്ഥിതി ദിനം ആചരിച്ചു

